©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2021 ജൂലൈ 03<br>03rd July 2021<br>1196 മിഥുനം 19<br>19th Mithunam 1196<br>1943 ആഷാഢം 12<br>12th Ashadha 1943 | നമ്പർ<br>No. **1943** |


### കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 3117/ലെഗ്.സി1/2021/നിയമം.

*തിരുവനന്തപുരം, 2021 ജൂലൈ 2*
*1196 മിഥുനം 18*
*1943 ആഷാഢം 11 .*

2021 ജൂലൈ 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സാദിഖ് എം. കെ.,
*സ്പെഷ്യൽ സെക്രട്ടറി (നിയമം).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# 2021-ലെ 88-ാം നമ്പർ ഓർഡിനൻസ്

## 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 31) 2020 മേയ് 2-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനായി 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 63) 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2020-ലെ 70) 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ ചില ഭേദഗതികളോടെ നിലനിർത്തുന്നതിനായി 2020-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2020-ലെ 77) 2020 നവംബർ 19-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020 ഡിസംബർ 31-ാം തീയതിയിൽ ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്തും പ്രസ്തുത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസുകളിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 13) 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2021-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2021-ലെ 34) 2021 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസിനും (2021-ലെ 13) 2021-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസിനും (2021-ലെ 34) 2021 ജൂലൈ 5-ാം തീയതി പ്രാബല്യം ഇല്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസുകളിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്ന പക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടിയെടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഈ ഓർഡിനൻസിൽ, മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമൊഴികെ,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) 4-ാം വകുപ്പ് 2020 മേയ് 4-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും;

(ബി) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പും, 6-ാം വകുപ്പും 2020 സെപ്റ്റംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും;

(സി) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് 2020 നവംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും;

(ഡി) 3-ാം വകുപ്പും, 7 മുതൽ 12 വരെയുള്ള വകുപ്പുകളും 2021 ഫെബ്രുവരി 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 1994-ലെ 20-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന് (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3 മുതൽ 12 വരെയുള്ള വകുപ്പുകളിൽ വ്യക്തമാക്കിയിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(i) 17-ാം ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(17എ) "എംപാനൽഡ് ലൈസൻസി" എന്നാൽ നഗരകാര്യ വകുപ്പിലെ റീജിയണൽ ജോയിന്റ് ഡയറക്ടറിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും അല്ലെങ്കിൽ 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതും സ്വയം സാക്ഷ്യപത്രം നൽകുന്നതിന്റെ ആവശ്യത്തിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പ്, നിർണ്ണയിക്കപ്പെട്ട പ്രകാരം എംപാനൽ ചെയ്തതുമായ, അതതു സംഗതിപോലെ, സ്ഥാപനം, ആർക്കിടെക്റ്റ്, എഞ്ചിനീയർ, ബിൽഡിംഗ് ഡിസൈനർ, സൂപ്പർവൈസർ അല്ലെങ്കിൽ ടൗൺ പ്ലാനർ എന്നർത്ഥമാകുന്നു.".

(ii) (22)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(22എ) "കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ" എന്നതിൽ ഏഴ് മീറ്ററിൽ കുറവായ ഉയരമുള്ളതും രണ്ടു നില വരെ പരിമിതപ്പെടുത്തിയിട്ടുള്ളതും മുന്നൂറ് ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ളതും എ1 വിനിയോഗഗണത്തിൽപ്പെട്ടതുമായ വാസഗൃഹങ്ങളും, ഇരുന്നൂറ് ചതുരശ്രമീറ്ററിൽ കുറവായ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർമ്മിത വിസ്തീർണ്ണത്തോടു കൂടിയതും എ2 വിനിയോഗഗണത്തിൽപ്പെട്ടതുമായ ഹോസ്റ്റൽ, ഓർഫനേജ്, ഡോർമിറ്ററി, ഓൾഡ് ഏജ് ഹോം, സെമിനാരി എന്നിവയും, ഇരുന്നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടു കൂടിയതും ബി വിനിയോഗഗണത്തിൽപ്പെട്ടതുമായ വിദ്യാഭ്യാസ കെട്ടിടങ്ങളും, ഇരുന്നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ളതും ഡി വിനിയോഗഗണത്തിൽപ്പെട്ടതുമായ മതപരവും ദേശസ്നേഹപരവുമായ ആവശ്യങ്ങൾക്കുവേണ്ടി ആളുകൾ സമ്മേളിക്കുന്ന കെട്ടിടങ്ങളും, നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടുകൂടിയതും എഫ് വിനിയോഗഗണത്തിൽപ്പെട്ടതുമായ കെട്ടിടങ്ങളും, ശല്യമില്ലാത്തതും അപകട സാധ്യതയില്ലാത്തതുമായ നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ള ജി1 വിനിയോഗഗണത്തിൽപ്പെട്ടതുമായ കെട്ടിടങ്ങളും ഉൾപ്പെടുന്നു.".

(iii) (43)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(43എ) "സ്വയം സാക്ഷ്യപത്രം" എന്നാൽ കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ വേണ്ടിയുള്ള കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ തത്സമയം പ്രാബല്യത്തിലുള്ള ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും നിയമാനുസൃതം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും നിർദ്ദേശത്തിനും പ്രത്യേകം പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾക്കും നിയമങ്ങൾക്കും, ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമാണെന്ന് കെട്ടിടത്തിന്റെ ഉടമസ്ഥനും എംപാനൽഡ് ലൈസൻസിയും സംയുക്തമായി നൽകുന്ന സ്വയംസാക്ഷ്യപത്രം എന്നർത്ഥമാകുന്നു.".

4. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിലെ "ഇരുപത്തിയാറും" എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ചും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഉപഖണ്ഡത്തിലെ "അൻപത്തിമൂന്ന്" എന്ന വാക്കിന് പകരം "അൻപത്തിരണ്ട്" എന്ന വാക്കും "ഇരുപത്തിയാറും" എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ചും" എന്ന വാക്കും ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിലെ "അൻപത്തിയാറും" എന്ന വാക്കിന് പകരം "അൻപത്തിയഞ്ചും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) (ii)-ാം ഉപഖണ്ഡത്തിലെ "നൂറ്റിയൊന്ന്" എന്ന വാക്കിന് പകരം "നൂറ്" എന്ന വാക്കും "അൻപത്തിയാറും" എന്ന വാക്കിന് പകരം "അൻപത്തിയഞ്ചും" എന്ന വാക്കും ചേർക്കേണ്ടതാണ്.

5. <u>126-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 126-ാം വകുപ്പിൽ,—

(1) നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനയിൽ, "രാവിലെ 7 മണിക്കും വൈകുന്നേരം 5 മണിക്കും" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "രാവിലെ 7 മണിക്കും വൈകുന്നേരം 6 മണിക്കും" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(2) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനും അതിന് കീഴിലുള്ള ക്ലിപ്ത നിബന്ധനയ്ക്കും ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിൽ നിശ്ചയിച്ച പ്രകാരമുള്ള സമയത്തിൽ, അവസാനത്തെ ഒരു മണിക്കൂർ 130എ വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്ന വിഭാഗങ്ങളിലുള്ള ആളുകൾക്ക് വോട്ട് ചെയ്യുന്നതിനായി വിനിയോഗിക്കേണ്ടതാണ്.".

6. <u>130-ാം വകുപ്പിനു ശേഷം പുതിയ വകുപ്പ് ചേർക്കൽ</u>.—പ്രധാന ആക്റ്റിലെ 130എ വകുപ്പ് 130<u>ബി</u> വകുപ്പായി പുനരക്കമിടേണ്ടതും, അപ്രകാരം പുനരക്കമിട്ട 130<u>ബി</u> വകുപ്പിന് മുൻപായി താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"130 <u>എ</u>. <u>ചില വിഭാഗങ്ങളിലുള്ള ആളുകൾക്ക് തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ</u>.—(1) 130-ാം വകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെ, താഴെപ്പറയുന്ന വിഭാഗങ്ങളിലുള്ള സമ്മതിദായകർക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, തപാൽ വഴി വോട്ടു ചെയ്യുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സാംക്രമിക രോഗം ബാധിച്ച ഏതൊരാളും;

(ബി) ക്വാറന്റീനിൽ ആയിരിക്കുന്ന ഏതൊരാളും;

<u>വിശദീകരണം</u>:— ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(i) "സാംക്രമിക രോഗം" എന്നാൽ 2021- ലെ കേരള സാംക്രമിക രോഗങ്ങൾ ആക്റ്റിന്റെ (2021-ലെ 4) 2-ാം വകുപ്പ് (എ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ളതും പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം സർക്കാർ, അതതു സമയം, വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ സാംക്രമികരോഗം എന്നർത്ഥമാകുന്നു ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) "ക്വാറന്റീനിൽ ആയിരിക്കുന്ന ആൾ" എന്നാൽ സാംക്രമിക രോഗത്തിന്റെ വ്യാപനം തടയുന്നതിനായി, ഭാരതസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, അതതുസമയം, പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് ക്വാറന്റീനിൽ ആയിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള ഏതെങ്കിലും വിഭാഗങ്ങളിലെ ഒരു സമ്മതിദായകന് തപാൽ വഴി വോട്ട് ചെയ്യാവുന്നതും അല്ലെങ്കിൽ പോളിംഗ് സ്റ്റേഷനിൽ 126-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ സമയത്ത്, നേരിട്ട് വോട്ട് ചെയ്യാവുന്നതുമാണ്.

കുറിപ്പ്:—(2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ 2020 നവംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.".

7. 387-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 387-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ "കുടിൽ" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എ) ഖണ്ഡത്തിൽ "രേഖാമൂലമായ ഒരു അപേക്ഷയും" എന്ന വാക്കുകൾക്കു പകരം "രേഖാമൂലമുള്ള അപേക്ഷയോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയുള്ള അപേക്ഷയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (ബി) ഖണ്ഡത്തിൽ "രേഖാമൂലമായ ഒരു അപേക്ഷയും" എന്ന വാക്കുകൾക്കു പകരം "രേഖാമൂലമുള്ള അപേക്ഷയോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയുള്ള അപേക്ഷയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 389-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 389-ാം വകുപ്പിൽ "നൽകുന്നതുവരെയും" എന്ന വാക്കുകൾക്കു ശേഷം "കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടമുൾപ്പെടെയുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 390-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 390-ാം വകുപ്പിൽ "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൾക്കു പകരം "പതിനഞ്ച് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

10. 391-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 391-ാംവകുപ്പിൽ,—

(i) "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൾക്കു പകരം "പതിനഞ്ച് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) ക്ലിപ്തനിബന്ധനയിൽ “മുപ്പത് ദിവസക്കാലം” എന്ന വാക്കുകൾക്ക് പകരം “പതിനഞ്ച് ദിവസക്കാലം” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

11. 392 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 392-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“392എ. കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷ.—(1) കുറഞ്ഞ അപകടസാധ്യതയുള്ള ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യാൻ ഉദ്ദേശിക്കുന്ന ഏതൊരാളും അപ്രകാരമുള്ള കെട്ടിടത്തിന്റെ കെട്ടിടസ്ഥാനത്തിനുള്ള അംഗീകാരത്തിനായും പണിനടത്തുന്നതിനുള്ള അനുവാദത്തിനായും ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലുള്ള സ്വയം സാക്ഷ്യപത്രവും അപ്രകാരമുള്ള രേഖകളും സഹിതം സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്.

(2) എല്ലാരീതിയിലും പൂർണ്ണമായ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിന്മേൽ സെക്രട്ടറി അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ഒരു കൈപ്പറ്റുസാക്ഷ്യപത്രം അപേക്ഷകന് നൽകേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കൈപ്പറ്റുസാക്ഷ്യപത്രം ലഭിക്കുന്നതിന്മേൽ അപ്രകാരമുള്ള കൈപ്പറ്റുസാക്ഷ്യപത്രം, അപ്രകാരമുള്ള കെട്ടിടത്തിന്റെ കെട്ടിടസ്ഥാനത്തിനുള്ള അംഗീകാരമായും പണിനടത്തുന്നതിനുള്ള അനുവാദമായും കരുതപ്പെടുന്നതാണ്.”.

12. 515-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 515-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“(3) ഒരു എംപാനൽഡ് ലൈസൻസി കുറഞ്ഞ അപകട സാധ്യതയുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ സ്വയം സാക്ഷ്യപത്രം നൽകുന്ന സംഗതിയിൽ, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ വ്യവസ്ഥകളോ നിയമാനുസൃതം നൽകിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശമോ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളോ ലംഘിച്ചുകൊണ്ടോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുതകൾ മറച്ചുവച്ചോ ആണ് അപ്രകാരമുള്ള കെട്ടിടത്തിന് സ്വയം സാക്ഷ്യപത്രം നൽകിയത് എന്ന് രജിസ്റ്ററിംഗ് അധികാരി, കാണുന്നപക്ഷം, അപ്രകാരമുള്ള രജിസ്റ്ററിംഗ് അധികാരിക്ക് എംപാനൽഡ് ലൈസൻസിയെ അഞ്ച് വർഷത്തിൽ കുറയാത്ത ഒരു കാലയളവിലേക്ക് സംസ്ഥാനത്ത് പ്രാക്ടീസ് ചെയ്യുന്നതിന് വിലക്ക് ഏർപ്പെടുത്താവുന്നതും അപ്രകാരമുള്ള ലൈസൻസിക്ക് എതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷം അപ്രകാരമുള്ള ലൈസൻസിയിൽ നിന്നും (4)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പിഴ ഈടാക്കാവുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) സ്വയംസാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്ത കെട്ടിടങ്ങളുടെ സംഗതിയിൽ, അപ്രകാരം സ്വയം സാക്ഷ്യപത്രം നൽകിയ കെട്ടിടത്തിന്റെ ഉടമസ്ഥനും എംപാനൽഡ് ലൈസൻസിക്കും, ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനുശേഷം, അപ്രകാരമുള്ള ഉടമസ്ഥനും ലൈസൻസിയും നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിഗണിച്ചതിനുശേഷവും അപ്രകാരമുള്ള ആളുകളിൽനിന്നും, നൂറ് ചതുരശ്രമീറ്റർ വരെ നിർമ്മിത വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും ഇരുന്നൂറ് ചതുരശ്രമീറ്റർ വരെ നിർമ്മിത വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നാല് ലക്ഷം രൂപ വീതവും മുന്നൂറ് ചതുരശ്രമീറ്റർ വരെ നിർമ്മിത വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ആറ് ലക്ഷം രൂപ വീതവും പിഴ ഈടാക്കാവുന്നതാണ്.

(5) രജിസ്റ്ററിംഗ് അധികാരി എടുത്ത നടപടികളോ പുറപ്പെടുവിച്ച ഉത്തരവോമൂലം സങ്കടമനുഭവിക്കുന്ന ആളിന് അപ്രകാരമുള്ള ഉത്തരവുകൾക്കോ നടപടികൾക്കോ എതിരായി സർക്കാരിൽ, (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം അപ്പീൽ സമർപ്പിക്കാവുന്നതാണ്.”.

13. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസും (2021-ലെ 13), 2021-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസും (2021-ലെ 34) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 3117/Leg. C1/2021/Law.

*Dated, Thiruvananthapuram, 2nd July, 2021*
*18th Mithunam, 1196*
*11th Ashadha, 1943.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Municipality (Amendment) Ordinance, 2021 (88 of 2021).

By order of the Governor,

SADIQUE M. K.,
*Special Secretary (Law).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ്” published under the authority of the Governor.]

## ORDINANCE No. 88 OF 2021

THE KERALA MUNICIPALITY (AMENDMENT)
ORDINANCE, 2021

Promulgated by the Governor of Kerala in the Seventy-second Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Municipality Act, 1994.*

*Preamble.*—WHEREAS, the Kerala Municipality (Amendment) Ordinance, 2020 (31 of 2020) was promulgated by the Governor of Kerala on the 2nd day of May, 2020;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala during its session which convened on the 24th day of August, 2020;

AND WHEREAS, in order to keep alive the provisions of the said Ordinance, the Kerala Municipality (Amendment) Ordinance, 2020 (63 of 2020) was promulgated by the Governor of Kerala on the 26th day of September, 2020;

AND WHEREAS, the Kerala Municipality (Second Amendment) Ordinance, 2020 (70 of 2020) was promulgated by the Governor of Kerala on the 26th day of September, 2020;

AND WHEREAS, in order to keep alive the provisions of the said Ordinance with certain amendments the Kerala Municipality (Third Amendment) Ordinance, 2020 (77 of 2020) was promulgated by the Governor of Kerala on the 19th day of November, 2020;

AND WHEREAS, a Bill to replace the said Ordinances by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala during

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

its session which convened on the 31st day of December, 2020 and during its session which commenced on the 8th day of January, 2021 and ended on the 22nd day of January, 2021;

AND WHEREAS, in order to keep alive the provisions of the said Ordinances, the Kerala Municipality (Amendment) Ordinance,2021 (13 of 2021) was promulgated by the Governor of Kerala on the 9th day of February, 2021;

AND WHEREAS, the Kerala Municipality (Second Amendment) Ordinance, 2021 (34 of 2021) was promulgated by the Governor of Kerala on the 12th day of February, 2021;

AND WHEREAS, a Bill to replace the said Ordinances by an Act of the State Legislature could not be introduced in, and passed by the Legislative Assembly of the State of Kerala, during its session which commenced on the 24th day of May, 2021 and ended on the 10th day of June, 2021;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India, the Kerala Municipality (Amendment) Ordinance, 2021 ( 13 of 2021) and the Kerala Municipality (Second Amendment) Ordinance, 2021 (34 of 2021) will cease to operate on the 5th day of July, 2021;

AND WHEREAS, difficulties will arise if the provisions of the said Ordinances are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Municipality ( Amendment) Ordinance, 2021.

(2) Save as otherwise provided in this Ordinance,—

(a) section 4 shall be deemed to have come into force on the 4th day of May, 2020;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(b) sub-section (1) of section 5 and section 6 shall be deemed to have come into force on the 30th day of September, 2020;

(c) sub-section (2) of section 5 shall be deemed to have come into force on the 19th day of November, 2020;

(d) section 3 and sections 7 to 12 shall be deemed to have come into force on the 12th day of February, 2021.

2. *Act 20 of 1994 to be temporarily amended*.—During the period of operation of this Ordinance, the Kerala Municipality Act, 1994 (20 of 1994) (hereinafter referred to as the principal Act) shall have effect subject to the amendments specified in sections 3 to 12.

3. *Amendment of section 2*.—In section 2 of the principal Act,—

(i) after clause (17), the following clause shall be inserted, namely:—

"(17A) "empanelled Licensee" means any institution, architect, engineer, building designer, supervisor or town planner, as the case may be, registered under the Regional Joint Director of Urban Affairs or deemed to be registered under the Kerala Municipality Building Rules, 2019, and empanelled in such manner as may be prescribed by the Local Self Government Department for the purpose of issuing self-certification.";

(ii) after clause (22), the following clause shall be inserted, namely:—

"(22A) "low risk buildings" include residential buildings under Group A1 occupancy, with built-up area of less than three hundred square meters and height less than seven meters and limited to two storeys, hostel, orphanage, dormetry, old age home, seminary under Group A2 occupancy having built-up area less than two hundred square meters, educational buildings under Group B occupancy having built-up area less than two hundred square meters, Group D occupancy buildings where persons congregate for religious and patriotic purposes having built-up area less than two hundred square meters, Group F occupancy buildings having built-up area less than one hundred square meters, Group G1 occupancy buildings without any nuisance and not dangerous and having built-up area less than one hundred square meters.";

(iii) after clause (43) the following clause shall be inserted , namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(43A) "self-certification" means self-certification issued jointly by the owner of the building and the empanelled licensee to the effect that, the building plan and site plan for the construction or reconstruction of the low risk buildings, are in accordance with the provisions of the Act and rules, for the time being in force, and any lawful direction issued, any stipulation as to the standard of specifications, laws, rules and directions.".

4. *Amendment of section 6.*—In the principal Act, in sub-section (3) of section 6,—

(a) in clause (a),—

(i) in sub-clause (i), for the words "twenty six", the words "twenty five" shall be subtituted;

(ii) in sub-clause (ii), for the words "twenty six", the words "twenty five" and for the words "fifty three", the words "fifty two" shall be substituted;

(b) in clause (b),—

(i) in sub-clause (i), for the words "fifty six", the words "fifty five" shall be substituted;

(ii) in sub-clause (ii), for the words "fifty six", the words "fifty five" and for the words "one hundred and one", the words "one hundred " shall be substituted.

*5. Amendment of section 126.*—In section 126 of the principal Act,—

(1) the existing provision shall be numbered as sub-section (1) thereof, and in the proviso to sub-section (1) as so numbered, for the figures, word and letters "7 a.m. and 5 p.m." the figures, word and letters "7 a.m. and 6 p.m." shall be substituted;

(2) after sub-section (1) as so numbered, and the proviso thereunder, the following sub-section shall be inserted, namely:—

"(2) The last one hour of the time fixed under sub-section (1) shall be used for voting by such classes of persons as specified under section 130 A.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. *Insertion of new section after section 130.*—In the principal Act, section 130A shall be renumbered as section 130B, and before section 130B as so renumbered, the following section shall be inserted, namely:—

"130 A. *Special provision for postal ballot to certain classes of persons.*—(1) Without prejudice to the generality of the provisions contained in section 130, the following classes of voters shall have the opportunity to give their vote by postal ballot in such manner, as may be prescribed, namely:—

(a) any person who is affected by epidemic disease;

(b) any person in quarantine;

*Explanation*.—For the purpose of this section,—

(i) "epidemic disease" means epidemic disease as defined under clause (a) of section 2 of the Kerala Epidemic Diseases Act, 2021 (4 of 2021) and notified by the Government under section 3 of the said Act from, time to time;

(ii) "person in quarantine" means a person who is in quarantine as per the guidelines issued by the Ministry of Health and Family Welfare, Government of India, from time to time, to prevent the spread of epidemic diseases.

(2) A voter as specified in any of the classes under sub-section (1) may give his vote by postal ballot or may give his vote directly at the polling station, in such manner as may be prescribed, at the time fixed under sub-section (2) of section 126.

*Note*:—The provisions in sub-section (2) shall be deemed to have come into force on the 19th day of November, 2020.".

7. *Amendment of section 387*.—In section 387 of the principal Act,—

(i) in sub-section (1), after the word "hut", the words "or low risk buildings" shall be inserted;

(ii) in clause (a), for the words "an application in writing", the words "an application in writing or through online" shall be substituted;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) in clause (b), for the words “an application in writing”, the words “an application in writing or through online” shall be substituted.

8. *Amendment of section 389.*—In section 389 of the principal Act, after the words “re-construction of a building”, the words “including low risk buildings” shall be inserted.

9. *Amendment of section 390.*—In section 390 of the principal Act, for the words “within thirty days”, the words “within fifteen days” shall be substituted.

10. *Amendment of section 391*.—In section 391 of the principal Act,—

(i) for the words “thirty days”, the words “fifteen days” shall be substituted;

(ii) in the proviso, for the words “thirty days”, the words “fifteen days” shall be substituted.

11. *Insertion of new section 392A.*—After section 392 of the principal Act, the following section shall be inserted, namely:—

“392A. *Application for the construction of low risk buildings.*—(1) Any person who intends to construct or reconstruct a low risk building, shall file an application to the Secretary, for approval of the building site and for permission to execute the work of such building along with a self-certification, in such form and along with such documents, as may be prescribed.

(2) On receipt of an application under sub-section (1), complete in all respect, the Secretary shall, within five working days, issue an Acknowledgement Certificate, in such form, as may be prescribed.

(3) On receipt of an Acknowledgement Certificate under sub-section (2) such Acknowledgement Certificate shall be deemed to be approval of the building site and permission to execute the work of such building.”.

12. *Amendment of section 515.*—After sub-section (2) of section 515 of the principal Act, the following sub-sections shall be inserted, namely:—

“(3) In the case of issue of self-certification by the empanelled licensee for the construction or reconstruction of low risk buildings, if the Registering Authority finds that the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

empanelled licensee issued the self-certification to such building in violation of the provisions of this Act or the rules made thereunder or any lawful directions issued, or any Act or rule for time being in force, or concealing any fact, such registering authority may debar the empanelled licensee from practising in the State for a period of not less than five years, and after issuing a show cause notice to such licensee a fine as provided in sub-section (4) may be realised from such licensee.

(4) Where a building is constructed or reconstructed in violation of the provisions specified in the self-certification, an amount of rupees two lakh each for building with built-up area upto one hundred square meters, four lakh rupees each for building with built-up area upto two hundred square meters, six lakhs rupees each for building with built-up area upto three hundred square meters, shall be realised as fine from such owner and empanelled licensee who have issued such self-certification after giving a show cause notice and considering the reply, if any, furnished by such owner or licensee.

(5) A person who is aggrieved by the actions taken or the orders issued by the Registering Authority, may file an appeal before the Government against such order or action within thirty days from the date of receipt of the order under sub-section (3).".

13. *Repeal and saving.*—(1) The Kerala Municipality (Amendment) Ordinance, 2021 (13 of 2021), The Kerala Municipality (Second Amendment) Ordinance,2021 (34 of 2021) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinances shall be deemed to have been done or taken under the principal Act as amended by this Ordinance.

ARIF MOHAMMED KHAN,

*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.07.03 03:40:27 +05:30